വർഷം	ഗ്രാന്റ്	ലോൺ	കേന്ദ്രവിഹിതത്തിൽ ആകെ കുറവ്
	(രൂപ കോടിയിൽ)		
96-97	18.86	66.41	85.3
97-98	74.06	182.09	256.15
98-99	15.04	68.72	83.76 (താത്ക്കാലികം)

വാർഷിക പദ്ധതിക്ക് ചെലവഴിച്ച തുക

13 (14)ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-95 മുതൽ 1999-2000 വരെ ഓരോ വർഷവും വാർഷിക പദ്ധതിക്കുവേണ്ടി നിർദ്ദേശിച്ച തുകയെത്രയെന്നും അംഗീകരിച്ചുകിട്ടിയ തുക യെത്രയെന്നും അറിയിക്കുമോ;

(ബി) ഇതിൽ ഓരോ വർഷവും അതിന്റെ മുൻവർഷത്തേക്കാൾ എത്ര ശതമാനം തുക വീതം കൂടുതൽ നിർദ്ദേശിച്ചു; എത്ര ശതമാനം തുക വീതം കൂടുതൽ അംഗീകരിച്ചുകിട്ടി;

(സി) 1994-95, 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഓരോന്നിലും പദ്ധതിക്കുവേണ്ടി എന്തു തുകവീതം ചെലവഴിച്ചു എന്ന് പറയുമോ;

(ഡി) 1999-2000-ാമാണ്ടിൽ 1999 നവംബർ 30 വരെ എന്തു തുക പദ്ധതിക്ക് വേണ്ടി ചെലവഴിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്†

(ഡി) (1999 ഒക്ടോബർ 31 വരെ പദ്ധതിക്കുവേണ്ടി ചെലവഴിച്ചത് 1079 കോടി രൂപയാണ്.) 1999 നവംബർ 30 വരെ ചെലവഴിച്ച തുകയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല.

വാർഷിക പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച അർദ്ധവാർഷിക അവലോകനം

14 (15)ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ാമാണ്ടിലേയ്ക്കുള്ള വാർഷിക പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച അർദ്ധവാർഷിക അവലോകനം നടത്തുകയുണ്ടായോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly